# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 820** — **03.12.2014- ൽ മറുപടി.**

## കൊല്ലം ജില്ലയിൽ മെഡിക്കൽ കോളേജ്

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ. ജി.എസ്.ജയലാൽ | ശ്രീ. വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കൊല്ലം ജില്ലയിൽ മെഡിക്കൽ കോളേജ് ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; പ്രസ്തുത ആവശ്യത്തിലേക്ക് ഭൂമിയുടെ അപര്യാപ്തതയാണോ തടസ്സമായി നിൽക്കുന്നതെന്നു വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും സർക്കാർ മേഖലയിൽ മെഡിക്കൽ കോളേജ് സ്ഥാപിക്കുകയെന്നതാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. അതിനാവശ്യമായ ഭൂമിയും മറ്റു അനുബന്ധ സൗകര്യങ്ങളും വ്യവസ്ഥാപിതമായ മാർഗ്ഗങ്ങളിലൂടെ കണ്ടെത്താനുമാണ് ലക്ഷ്യമിടുന്നത്. കൊല്ലം ജില്ലയിൽ കേന്ദ്ര സർക്കാരിന്റെ ഇ.എസ്.ഐ കോർപ്പറേഷനു കീഴിൽ ഒരു മെഡിക്കൽ കോളേജിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. |
| (ബി) എങ്കിൽ നെടുങ്ങോലം രാമറാവു മെമ്മോറിയൽ താലൂക്ക് ആശുപത്രിയിൽ ലഭ്യമായ പതിനാലര ഏക്കർ ഭൂമി പ്രസ്തുത ആവശ്യത്തിലേക്ക് വിനിയോഗിച്ച് അവിടെ മെഡിക്കൽ കോളേജ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുമോ ? | (ബി) തൽക്കാലം പരിഗണനയില്ല. |

സെക്ഷൻ ഓഫീസർ